# 'ബാല്യം അമൂല്യം' പോസ്റ്റർ പുറത്തിറക്കി

പാലക്കാട് ● ബാല പീഡനങ്ങൾക്കെതിരെ ഇന്റർനാഷനൽ ജസ്റ്റിസ് മിഷന്റെയും വിശ്വാസിന്റെയും നേതൃത്വത്തിൽ നടക്കുന്ന ക്യാംപെയ്നിന്റെ ഭാഗമായി 'ബാല്യം അമൂല്യം' പോസ്റ്റർ കലക്ടർ ഡി. ബാലമുരളി പ്രകാശനം ചെയ്തു.

ബാലവിവാഹം, ബാലവേല, കുട്ടിക്കടത്ത് എന്നിവ സാമൂഹിക തിന്മയും നിയമപരമായി ശിക്ഷാർഹവുമാണ്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപെട്ടാൽ ചൈൽഡ് ലൈൻ 1098 എന്ന നമ്പറിലോ, ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, ജുവനൈൽ പ്രൊട്ടക്ഷൻ യൂണിറ്റ്, തൊഴിൽ വകുപ്പ്, ചൈൽഡ് മാര്യേജ് പ്രൊഹിബിഷൻ ഓഫിസ് എന്നിവിടങ്ങളിലോ അറിയിക്കണമെന്ന് പോസ്റ്ററിൽ ആഹ്വാനം ചെയ്തിട്ടുണ്ട്. വിശ്വാസ് വൈസ് പ്രസിഡന്റ് എസ്. ശാന്താദേവി, സെക്രട്ടറി പി. പ്രേംനാഥ്, ട്രഷറർ ബി. ജയരാജൻ, ആർ. ദൈവകൃപ, സി. ശ്രീകുമാർ, എം. മനോജ്, അജയ് കൃഷ്ണ എന്നിവർ പ്രസംഗിച്ചു.

ജില്ലയിൽ പ്രധാന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കാൻ പോസ്റ്ററുകൾ ആവശ്യമുള്ള വ്യക്തികളും സംഘടനകളും സിവിൽ സ്റ്റേഷനിൽ ഉള്ള വിശ്വാസ് ഓഫിസുമായി ബന്ധപ്പെടണം. ഫോൺ: 9400933444.